# സ്മാർട്ട്

## ഡിജിറ്റൽ മാഗസിൻ

LK/21123/2018

Published at GHS.Thenkara
Thenkara.PO,Pin.678582

# ലിറ്റിൽ കൈറ്റ്സ്

# സ്മാർട്ട്

## ഡിജിറ്റൽ മാഗസിൻ

### തെങ്കര സ്കൂൾ ലിറ്റിൽ കൈറ്റ്സ് സംരംഭം

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവിനപ്പുറം അധ്യാപകനും വിദ്യാർത്ഥിയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ്, പ്രധാനമായും പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയായാണ്സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി കുട്ടികളുടെ കൂട്ടായ്മ ഹൈടെക്ക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്....

നൂതന സാങ്കേതികവിദ്യാലോകത്തേക്ക് വിദ്യാർഥികളെ കൈപിടിച്ചുയർത്തുന്നതിനായി സ്കൂൾ തലത്തിൽ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവും ആക്കുവാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിയണം.സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഇത്തരം സർഗ സൃഷ്ടിക്കൾക്കാവട്ടെ ...

ടീം ലിറ്റിൽ കൈറ്റ്സ്,
**ജി.എച്ച്.എസ്.തെങ്കര**

# ആശംസ

തെങ്കര സ്കൂളിലെ *ലിറ്റിൽ കൈറ്റ്സ്* – ഐ ടി ക്ലബ്ബിന്റെ കീഴിൽ ഒരു ഇ – മാഗസിൻ പുറത്തിറക്കുന്നതിൽ വലിയ സന്തോഷമുണ്ട്. പൊതു വിദ്യാലയങ്ങൾ ഹൈടെക്കായി മാറുന്ന സാഹചര്യത്തിൽ ക്ലാസ് റൂം



പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമമാക്കുന്നതിൽ വിവര സങ്കേതിക വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ട്. ഈ മേഖലയിൽ കുട്ടികളുടെ താത്പര്യങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മാക്കുവാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധ്യമാകട്ടെ...

*ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ വിധ ആശംസകളും നേരുന്നു.*

ഇബ്റാഹീം തോണിക്കര
ജില്ലാ വിദ്യാഭ്യാസ ഓഫീസർ
മണ്ണാർക്കാട്

# ആശംസ




പദ്മജ.വി.കെ (ഹെഡ് മിസ്ട്രസ്)

ലിറ്റിൽ കൈറ്റ്സ് ഐ–ടി ക്ലബ്ബിനു കീഴിൽ പുറത്തിറക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളുടെ വിവര സാങ്കേതിക രംഗത്തുള്ള കഴിവുകൾ കണ്ടെത്തിപ്രോത്സാഹനം നൽകുന്നതിൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിയണം.സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഇത്തരം സർഗ സൃഷ്ടിക്കൾക്കാവട്ടെ .. എല്ലാ വിധ ഭാവുകങ്ങളും.

# ആശംസ



അബ്ദുൽ റഹീം (പ്രിൻസിപ്പാൾ )

ലിറ്റിൽ കൈറ്റ്സിനും,ഡിജിറ്റൽ മാഗസിനും എല്ലാ വിധ ആശംസകളും നേരുന്നു. കുട്ടികളുടെ വൈവിധ്യമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിൽ ക്ലബ്ബുകൾക്ക് വലിയ പങ്ക് നിർവഹിക്കാനാവും . സാങ്കേതിക രംഗത്ത് കഴിവുള്ള തലമുറ ആധുനിക സമൂഹത്തിന് ആവശ്യമാണ്. "ടീം ലിറ്റിൽ കൈറ്റ്സിന് " കൂടുതൽ ഉയരങ്ങളിൽ എത്താനാവട്ടെ.

# ആശംസ



ശിവശങ്കരൻ (പി.ടി.എ . പ്രസിഡന്റ് )

*ലിറ്റിൽ കൈറ്റ്സ്*- ക്ലബ്ബിനു കീഴിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളുടെ വിവര സാങ്കേതിക രംഗത്തുള്ള കഴിവുകൾ പൊതു സമൂഹത്തിന് ഗുണകരമാവുന്ന തരത്തിൽ മാറ്റിയെടുക്കാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.


# എഡിറ്റോറിയൽ

***ലിറ്റിൽ കൈറ്റ്സ്*** - ഐ-ടി ക്ലബ്ബിന്റെ കീഴിൽ" ***സ്മാർട്ട്"*** ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു. വിവര സാങ്കേതിക രംഗത്ത് കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ *ലിറ്റിൽ കൈറ്റ്സിന്* വലിയ പങ്കുണ്ട്. കേരളത്തിലെ പൊതു വിദ്യാലയങ്ങളെല്ലാം ഹൈടെക്കായി മാറുന്ന സാഹചര്യത്തിൽ ഡിജിറ്റൽ പഠന വിഭവങ്ങൾക്കും അവയുടെ ഫലപ്രദമായ വിനിമയത്തിനും കുട്ടികളിൽ വലിയ സ്വാധീനമാണ് ചെലുത്താനാവുന്നത്. ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നതിൽ അധ്യാപകരോടൊപ്പം കുട്ടികളും തയ്യാറാവേണ്ടത് ഡിജിറ്റൽ യുഗത്തിൽ ആവശ്യമാണ്.ഈ തിരിച്ചറിവാണ് ഇത്തരമൊരു ഡിജിറ്റൽ മാഗസിനിലേക്ക് ഞങ്ങളെ നയിച്ചത്.

ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കുന്നതിൽ ഞങ്ങളോട് സഹകരിച്ച ഞങ്ങളുടെ പ്രധാനാധ്യാപിക പദ്മജ ടീച്ചർ,കൈറ്റ്സ് മാസ്റ്റർ ബഷീർ .കെ, കൈറ്റ്സ് മിസ്ട്രസ് സമീറ ടീച്ചർ, ഞങ്ങളുടെ പ്രിയങ്കരമായ മറ്റ് അധ്യാപിക, അധ്യാപകർ, ക്ലബ്ബിലെ മറ്റ് അംഗങ്ങൾ തുടങ്ങി ഈ പ്രവർത്തനത്തോട് സഹകരിച്ച എല്ലാവരോടും ഞങ്ങളുടെ നന്ദിയും കടപ്പാടും പ്രകാശിപ്പിച്ച് കൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു....

നൂർ ഫാത്തിമ
സ്റ്റുഡന്റ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്



Noorfathima



Keerthi  Kannan



Amalashibu



Aswathi



Fathimath Hiba




Sarang



Shanavas shereef



Basheer.K(Kite Master)



Sameera(Kite Mistress)

## ചെറുകഥ




### കാണാമറയത്തെ കൂട്ടുകാരികൾ

**നൂർ ഫാത്തിമ**

ഈ കുട്ടികളെ ഞങ്ങൾ ഇതുവരെ നേരിൽ കണ്ടിട്ടില്ല. എന്നാലും ഇവർ ഞങ്ങളുടെ ഉറ്റ ചങ്ങാതിമാരാണ്. കണക്കും, സയൻസും, മറ്റ് ഭാഷാ വിഷയ ക്ലാസുകളിലും ഇവരുടെ മുഖങ്ങൾ ഞങ്ങൾ കാണാറുണ്ട്. ചിലപ്പോഴൊക്കെ ഇവരോട് അസൂയയും തോന്നാറുണ്ട്, കേരളത്തിലെ എത്ര സ്കൂളിലായിരിക്കും ഇവർക്ക് ചങ്ങാതിമാരുണ്ടാവുക!

വിഷയങ്ങൾ പഠിച്ച് മടുത്തിരിക്കുമ്പോഴാവും സമഗ്രയിലുള്ള ചില വീഡിയോകൾ കാണാമെന്ന് പറഞ്ഞ് ടീച്ചേഴ്സ് ഇവരുടെ ചിത്രങ്ങളുള്ള പേജ് തുറക്കുന്നത്. വീഡിയോകളും, ചിത്രങ്ങളും കാണാനുള്ള താത്പര്യം ഇവരോടുള്ള ഇഷ്ടമായി മാറാൻ തുടങ്ങി. ചിലപ്പോഴെങ്കിലും പേജ് കാണാമെന്ന് പറഞ്ഞ് ടീച്ചർ തുറക്കുമ്പോൾ നെറ്റ് പണിമുടക്കുന്നത് ഞങ്ങളെ വല്ലാതെ വിഷമിപ്പിക്കാറുണ്ട്. എന്നാലും മറ്റൊരു സമയത്ത് കാണാനാകുമല്ലോ എന്നോർത്ത് സമാധാനിക്കും.

" കുട്ടികളെ നിങ്ങളൊക്കെ എന്ത് ഭാഗ്യവാന്മാരാ, എല്ലാം കണ്ടും, കേട്ടുമല്ലേ ഇപ്പോൾ പഠിക്കുന്നത് " ഐ. ടി. യുടെ മാഷ് ഇടയ്ക്ക് വന്ന് ഓർമ്മപ്പെടുത്തുമ്പോൾ എൻ്റെ കൂട്ടുകാരികളെ കുറിച്ച് എനിക്ക് അഭിമാനം തോന്നാറുണ്ട്.

സമഗ്രയിലെ എൻ്റെ പ്രിയപ്പെട്ട കൂട്ടുകാരികൾ കൂടുതൽ വിഭവങ്ങളുമായി ഞങ്ങളുടെ മുമ്പിൽ ഇനിയും വരണം. കാത്തിരിക്കുകയാണ് ഞങ്ങൾ, പ്രതീക്ഷയോടെ....

## 1. നല്ല കൂട്ടുകാർ

**കീർത്തി**

പുഴക്കരയിലെ വലിയ മാവിന്റെ മുകളിലാണ് മഞ്ഞക്കിളി താമസിച്ചിരുന്നത്.മഴക്കാലം തുടങ്ങാറായപ്പോൾ മഞ്ഞക്കിളി കൂട് വെയ്ക്കാൻ തുടങ്ങി.കമ്പ്,ചകിരി,കടലാസ്,ഇല എന്നിവയെല്ലാം കൂട്ടിവെച്ച് മഞ്ഞക്കിളി നല്ലൊരു കൂടുണ്ടാക്കി.മഴക്കാലം തുടങ്ങി. കാറ്റും മഴയും ശക്തമായി. ഒരു ദിവസം രാത്രിയിൽ വലിയ കാറ്റ് വീശി.മഞ്ഞക്കിളി പേടിച്ചു.തന്റെ കൂടിപ്പോൾ തകർന്ന് പോകുമോയെന്ന് മഞ്ഞക്കിളി ഭയന്നു.പക്ഷേ കൂടിനൊന്നും പറ്റിയില്ല.കുഞ്ഞിതത്തയുടെ നിലവിളി കേട്ടാണ് രാവിലെ മഞ്ഞക്കിളി ഉണർന്നത്."എന്തേ പറ്റിയത് "കുഞ്ഞിത്തത്തയോട് മഞ്ഞക്കിളി ചോദിച്ചു."ഇന്നലെ രാത്രി എന്റെ കൂട് തകർന്നു പോയി.ഞാൻ ആകെ നനഞ്ഞു.ഇനി പുതിയ കൂടുണ്ടാക്കണം" കുഞ്ഞിതത്ത പറഞ്ഞു.മഞ്ഞക്കിളിയ്ക്ക് ദയ തോന്നി."നീ എന്റെ വീട്ടിലേക്ക് വന്നോളൂ...നമുക്ക് ഒരുമിച്ച് താമസിക്കാം". കുഞ്ഞിതത്തയ്ക്ക് സന്തോഷമായി.രണ്ടുപേരും സന്തോഷത്തോടെ മഞ്ഞക്കിളിയുടെ വീട്ടിലേക്ക് പോയി.

## 2.പൂതവും ഉണ്ണിയും

ദേവിക

പറയന്റെ കുന്നിലെ ചെരുവിലെ പാറക്കെട്ടിനുള്ളിൽ ഒരു പൂതം താമസിച്ചിരുന്നു.ആ പൂതത്തിന് അഞ്ചു വയസ്സുള്ള ഉണ്ണിയോട് അതിയായ ഇഷ്ടം തോന്നി.ഉണ്ണി പാഠശാലയിലേയ്ക്ക് പോകും വഴി പൂതം സുന്ദരിയായ സ്ത്രീയുടെ രൂപത്തിൽ ചെന്ന് ഉണ്ണിയെ കളിയ്ക്കാൻ വിളിച്ചു.പൂമരച്ചോട്ടിൽ പൂതവും ഉണ്ണിയും കളിച്ച് രസിച്ചു.
നേരമേറെ വൈകി. ഉണ്ണിയെ കാണാത്തതു കൊണ്ട് അമ്മ വിഷമിച്ചു,അവനെ അന്വേഷിച്ചിറങ്ങി .പൂമരത്തണലിലിരുന്ന് കളിയ്ക്കുന്ന ഉണ്ണിയെ അമ്മ കണ്ടു.പക്ഷേ,ഉണ്ണിയെ പിരിയാൻ പൂതത്തിന് വിഷമം. അമ്മയെ പേടിപ്പിച്ച് ഓടിപ്പിക്കാമെന്ന് പൂതം വിചാരിച്ചു. പക്ഷേ അമ്മ പേടിച്ചില്ല. അമ്മയ്ക്ക് കുറേ സമ്മാനങ്ങൾ കൊടുത്ത് ഉണ്ണിയെ സ്വന്തമാക്കാമെന്ന് പൂതം കരുതി.അമ്മ അതിലേയ്ക്കൊന്നും നോക്കുയില്ല. പകരം

രണ്ടു കണ്ണുകളും പറിച്ചെടുത്ത് പൂതത്തിന്

കൊടുത്തു.എന്നിട്ട് അമ്മ പറഞ്ഞു."ഇതിനേക്കാൾ വലുതാണെനിക്ക് എന്റെ ഉണ്ണി.അവനെ തരിക".കണ്ണില്ലാത്ത അമ്മയെ പറ്റിയ്ക്കാം.പൂതം കരുതി.മന്ത്രം ചൊല്ലി മറ്റൊരു ഉണ്ണിയെ പൂതം ഉണ്ടാക്കി.അമ്മയുടെ മുന്നിലേയ്ക്ക് നീക്കി നിർത്തി. ഉണ്ണിയെ
തൊട്ടയുടൻ അത് തന്റെ ഉണ്ണിയല്ലെന്ന് അമ്മയ്ക്ക് മനസ്സിലായി. തന്നെ പറ്റിച്ച പൂതത്തിനെ ശപിക്കാൻ അമ്മ കയ്യുയർത്തി. ഞെട്ടിവിറച്ച പൂതം കരഞ്ഞുകൊണ്ടു ഉണ്ണിയെ അമ്മയ്ക്ക് വിട്ടു കൊടുത്തു. പൂതത്തിന് ഉണ്ണിയോടുള്ള ഇഷ്ടം മനസ്സിലാക്കിയ അമ്മ പറഞ്ഞു "എല്ലാ കൊല്ലവും മകരമാസത്തിൽ ഉണ്ണിയെ കാണാൻ വന്നോളൂ...അതോടൊപ്പം ഞങ്ങളുടെ വീടിന് ഐശ്വര്യം നൽകൂ... " പൂതം സമ്മതിച്ചു. പക്ഷേ, പൂതത്തിന് ഉണ്ണിയുടെ വീട് അറിയില്ല. അതുകൊണ്ട് എല്ലാ വീട്ടിലും ഉണ്ണിയെ കാണാനായി പൂതം കയറിയിറങ്ങിത്തുടങ്ങി. ഒപ്പം എല്ലാ വീട്ടിലും ഐശ്വര്യം നൽകുകയും ചെയ്തു.

## 3.പുളിയൻ മുന്തിരിങ്ങ

ആര്യ

നല്ല പഴുത്ത മുന്തിരിങ്ങയുടെ മണം. കേട്ട കുറുക്കന് സന്തോഷമായി.അവന്റെ വായിൽവെള്ളമൂറി.അവൻ പമ്മിപമ്മിതോട്ടത്തിലെത്തി. മുന്തിരിക്കുലയെല്ലാംവളരെ ഉയരത്തിലായിരുന്നു.എങ്ങനെകിട്ടും? കുറുക്കൻ ചിന്തിച്ചു.കൊതി അടക്കാൻവയ്യ. അവൻ മുന്തിരിക്കുലയ്ക്ക് നേരെ വായും പൊളിച്ച് ചാടി. എത്ര ചാടിയിട്ടും മുന്തിരിക്കുലയുടെ അടുത്തെത്താൻസാധിച്ചില്ല. ഈ കാഴ്ച്ച കണ്ട് ചോണനുറുമ്പിനും ചിലന്തിക്കും ചിരിയടക്കാൻകഴിഞ്ഞില്ല. നാണം കെട്ട കേട്ട മുന്തിരിനോക്കി പറഞ്ഞു.ആർക്ക് വേണം ഈപുളിയൻ മുന്തിരിങ്ങ.

# 4.പലഹാര വണ്ടി

ചിന്നു മോൾ

ഇന്ന് സ്ക്കൂളിന് അവധിയാണ്. പലഹാരങ്ങൾ പാത്രത്തിലാക്കാൻ മധുരിമയും സഹായിച്ചു. ഗണേശൻ പലഹാര പാത്രങ്ങൾ വണ്ടിയിൽ വച്ചു.ഗണേശന്റെ പല ഹാരവണ്ടി പുറപ്പെട്ടു. ഇടവഴിയും റോഡുംകടന്ന് അങ്ങാടിയിലെത്തി.ണിം...ണിം... ണിം...വണ്ടി വേഗത്തിൽ ഔസേപ്പിന്റെയും സുഗുണന്റെയും കടകളിൽ പലഹാര ങ്ങൾ കൊടുത്തു.അപ്പോഴേക്കും

നേരംഉച്ചയായി.വിശന്നിട്ടു വയ്യ.ഊണു കഴി ക്കണം.ഔതച്ചേട്ടന്റെ ഹോട്ടലിൽ കയറാം.ഗണേശൻ കൈ കഴുകി വന്നു.ഇലയിട്ടു ഊണു വിളമ്പി.തുമ്പപോലുള്ള ചോറ്, സാമ്പാർ , അവിയൽ ഓലൻ ,ഉപ്പേരി,അച്ചാർ,പപ്പടം.വിഭവങ്ങൾ ഓരോ ന്നായി വിളമ്പി.ഇറച്ചിയോ,മീനോ വേണോ,ഔതച്ചേട്ടൻ ചോദിച്ചു.മീൻ മതി.

കവിത

## നഷ്ടമേ
നർമദ

തളിരിട്ട തേന്മാവിൻ ചോട്ടിലൊരു
പെൺവട്ടം പോലും തണലുകണ്ട്
ഉള്ളിലെവിടെയോ വിങ്ങുന്നു
തളിരിട്ട നഷ്ടമാം കാലം അതോർത്തു കൊണ്ട്
ഈറനണിഞ്ഞു എൻ മിഴികളിലും
ഇനിയും വരാത്തൊരാ കാലമോർത്ത്
അമ്മതൻ സ്നേഹം പൊതിഞ്ഞു തന്ന
പൊതിയില ചോറുവെച്ചൊന്നു വാങ്ങാൻ
മാഞ്ചോട്ടിലൽപ്പം ഇടം പിടിക്കാൻ
ഓടിത്തളർന്നു നട്ടുച്ചകളും
ചെടിയിലെ ചെമ്പകപ്പൂ
പറിക്കാൻ..കൈകളെത്താത്തൊരു
കാലമന്ന്......
ചീകി മിനുക്കിയ കാർകൂന്തലിൽ
ചെമ്പകപ്പൂമൊട്ട് ചൂടിവന്ന
നാണം കുണുങ്ങിയാം പെൺമണികൾ
തൻ തലയിലെ പൂവായ് ഓടിയതും.......
പൊരിയുന്ന വയറിൻ വിശപ്പടക്കാൻ
വരികളായ് കഞ്ഞിപ്പുരയ്ക്കു മുന്നിൽ
എത്രയോ നേരം നാം കാത്തുനിന്നു......
കത്തിടും വെയിലിനെ സാക്ഷിയാക്കി......
ഒത്തിരി ഓർമ്മകൾ ഓടിവന്നു......
ഇത്തിരി നേരമേ കാഴ്ചകണ്ട്......

## ഓരോ കഥയില്ലായ്മകൾ

ചിന്നു മോൾ

**കവിതകൾ പലപ്പോഴും കഥയില്ലായ്മയിൽ**
**നിന്നു മുണ്ടാകുന്നു.**
**പുതിയ കസേരയിൽ എഴുതാനിരിയ്ക്കുമ്പോൾ**
**കണക്കില്ലായ്മകൾ വന്നു കുമിഞ്ഞു കൂടുന്നു.**
**കവിതകൾ വാക്കുകൾക്കപ്പുറം കടക്കുന്നു**
**ഓരോ കഥയില്ലായ്മകൾ.......!**
**കാലപുസ്തകത്തിന്റെ താളുകൾ**
**പിറകോട്ടു മറിച്ചു മടുത്തു ഞാൻ**
**ചുറ്റും വക്കൊടിഞ്ഞ കുറേ വാക്കുകൾ**
**ഇടക്കിടറിയുമിരമ്പിയും വിസർഗ്ഗങ്ങൾ**
**മഴയിൽ കുതിർന്നു വെയിലിൽ മാഞ്ഞും പോയ**
**പല വ്യഞ്ജനങ്ങൾ......**
**പൊട്ടിത്തകർന്ന ചില്ലുകൾ**
**അർദ്ധോക്തിയിൽ വാർന്നു വീഴുമനുസ്വാരം**
**ഉച്ചസ്ഥായിയിൽ നിലച്ചു പോയ സ്വരങ്ങൾ**
**ചിതലരിച്ച വിരാമങ്ങൾ.....**
**കവിത കാലത്തിന്റെ കയ്യൊപ്പുകൾ എടുക്കുന്നു.**
**ഇടക്കിടറിയുമിരമ്പിയും വിസർഗ്ഗങ്ങൾ.....**

## എന്റെ കൂട്ടുകാർ

നഫാ ഷാൻ



ഹൃദയബന്ധങ്ങൾക്കിടയിൽ നിന്നുകൂടിച്ചേർന്ന
ഒരു കൂട്ടം കൂട്ടുകാരുടെ .....
നടുവിലായ് ഒരു ദിനം
സാക്ഷരകേരളനാട്ടിൽ കുന്നുകണക്കെ
വിദ്യാലയങ്ങൾ......
മനുഷ്യന്റെ ഹൃദയബന്ധങ്ങൾ ഒന്നടിഞ്ഞ
സുന്ദരമാം  ലോകത്ത്
മഴ കാത്തിരിക്കും  വേഴാമ്പൽ കണക്കെ
ദിശയറിയാതെ എങ്ങോട്ടോ
നോക്കി ഉല്ലസിക്കുന്നവരാണിവർ.......
ഓർമ്മകളുടെ സൗഹൃദവും
പേറി സന്തോഷത്തിനായി
കാത്തിരിക്കുമ്പോഴും ....വരും കാലങ്ങളുടെ



## പൊറുക്കുക

ശാന്താ മുണ്ടൂർ

ചുട്ടുനെഞ്ച് ചുവടെ പിഴുതെടുത്ത്
എൻനിനവിനെ നാക്കിലത്തുമ്പിൽവെച്ച്
അമ്മിഞ്ഞയിൽ നഞ്ച് തേച്ച കാലത്തിലും
വാക്കും വൃഥാവിലായ് പോകുന്നകാലത്തിലും

ഏതോ  വിഷാദശരമേറ്റെൻ നെഞ്ചകം
പൊള്ളുന്ന ഓർമ്മകൾ തിങ്ങും മസ്സിനെ
നിറകൺ നനച്ച തിലാശ്രാദ്ധമാണിന്നിവൾ
വറുതിവിതയേറ്റുന്ന നൊമ്പരക്കാഴ്ച്ചകൾ

ഒരു ബലിക്കാക്കയും കൊത്തുകില്ലെങ്കിലും
വചനശ്രാദ്ധം തൂവി ഞാനിരിക്കും വൃഥാ
എൻ വചനമിന്നു ശ്രവിക്കവേണം
നെഞ്ചകം പൊള്ളും ഹൃദയതാപത്താൽ

തെറ്റുകൾക്കൊന്നും മാപ്പില്ലെന്നറിയാം
പെറ്റമ്മതൻ എന്നിൽ പൊറുക്കവേണം
ചോരനീരാക്കി പാലാക്കിതന്ന
പവിത്ര ഹൃദയമേ......

ഇത് വ്യാജമെന്നു  പറയരുതേ..
മൊഴിയാതിരിക്കുവാൻ വയ്യെനിക്കക്ഷരം
കടമായ് കിടക്കുന്നു പൊറുക്കുമാറാകണം...

## ദീപ്ത ജ്വാല

ശാന്താ മുണ്ടൂർ,



പകരം വെക്കുവാനില്ലൊരു ജന്മവും
പകുത്തു തന്നൊരു അറിവിൻ
അക്ഷയപാത്രമേ......
ക്ഷണിക്കാതെയെപ്പോഴോ
വിരുന്നുവന്നയാൾ
ഇന്ന് ഇവിടെയില്ലെന്നോർമ്മ
നൊമ്പരമായ്

കടലിനുമീതെ പറക്കുന്ന കൊക്കിനെ കണ്ട്
പറക്കുവാൻ മോഹിച്ച ദീപ്ത ജ്വാലേ......
ഇവിടെയുണ്ടാക്കനൽ മണൽത്തരികളിൽ
നിൻ കാൽപ്പാടുകൾ പതിഞ്ഞ പുണ്യ ഭൂമീ.

സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ച പുണ്യമേ......
നിനച്ചിരിക്കാതെ ഞങ്ങളെ വിട്ടകന്നു നീ.
ഇടതുകാൽ വലതുകാൽ മത്സരമില്ലാതെ
ചേതസ്സ രാമേശ്വരത്തിന്റെ ശാന്തിയിൽ.

ആളിപ്പടർത്തിയ അഗ്നിച്ചിറകുകൾ-
ക്കാദരവോടെ ആദരാഞ്ജലികൾ .
ഇനിയൊരു ജന്മമുണ്ടെന്നാകിലാശിച്ച്
ഭാരത മണ്ണിൽ പുനർജനിക്കും
വീണ്ടുമീ അഗ്നിച്ചിറകുകൾ കൊണ്ട്-ഈ
മണ്ണിൽ ....
സ്വപ്നങ്ങൾ കാണാൻ പഠിപ്പിക്കുമാറാകട്ടെ.



# മഴ

നഫാ ഷാൻ

സ്നേഹാമൃതായ്  പെയ്തു നീ എന്നരികിൽ വന്നു
എൻ ആത്മാവിൻ അന്തരംഗങ്ങളെക്കുളിർപ്പിച്ചു
പെയ്തൊഴുകി നീയാ പുലർകാല സന്ധ്യയിൽ
ഒരമ്മതൻ ആനന്ദാശ്രുപോലെ.
നിൻ മധുരസംഗീതമാസ്വദിച്ചു ഞാനെന്നും
നീയെനിക്കാശ്വാസമേകി
ഇന്നുമെന്നോർമകളിൽ മാത്ര-
മായൊതുങ്ങിയതെന്തിനെൻ പ്രിയ കൂട്ടുകാരി
ഈ കൊടും ആപത്തിൽ ഒരു കുളിർമഴ -
യായ് നീ പെയ്തൊഴുകുകില്ലേ.
നിന്നാനന്ദശ്രുവാൽ ധരയെ
സിക്തമാക്കാൻ  വരികില്ലേ ഒരുനാൾ പ്രിയമിത്രമേ
നിൻ ആഗമനോൻമാദ ത്താൽ  ഒരുനാൾ തരുനിരകളാടിടും
നീയെന്നരികിൽ വരുമൊരുനാൾ
ഞാനാകും പ്രിയ കൂട്ടുകാരിയെ കാണാൻ
നിന്നാഗമനം നോക്കി ഞാൻ നിൽപൂ
വരില്ലേ, നീയെന്നരികേ?

## ഭാവിയില്ലാത്ത ഭൂതങ്ങൾ

## വർത്തമാനം പറയുമ്പോൾ

അഞ്ജലി

ഭാവിയെ കുറിച്ചുള്ളത് പ്രതീക്ഷകൾ
മാത്രമാണ്.
സ്വന്തമായുള്ളത് വർത്തമാനമാണ് ,
തൊട്ടടുത്ത നിമിഷമത് മറ്റാരുടേതെങ്കിലുമാകും
ഓർക്കാനുള്ളത് ഒരിക്കലും
വീണ്ടെടുക്കാനാവാത്ത ഭൂതകാലം....
ഇവിടെ, ഭാവിയോ, ഭൂതമോ, വർത്തമാനമോ
മനുഷ്യന്റേതല്ല......
അവൻ,
ആരുടേയോ കയ്യിലെ പാവയാണ്. എങ്കിലും,
എന്തല്ലാമോ ആണെന്ന് അവൻ
അന്ധമായി നടിക്കുന്നു.....
അത്തരത്തിലുള്ള ഭാവിയില്ലാത്ത
ഭൂതങ്ങളാണിവിടെ വർത്തമാനം പറയുന്നത്.
അതിനെ കാലം ഏറ്റെടുക്കുന്നു.....

## ജീവിതം ഒരു നാടകം

സിനിയ

ജീവിതം ഒരു നാടകകലയാണ്
മനുഷ്യൻ അതിൽ കോമാളി കെട്ടുന്നു ,
ആരും ആരേയും അഭിനയിച്ച്
തോൽപ്പിക്കുന്നു
ഞാൻ അതിൽ ഒരു കാണി മാത്രം.
തൻ നാടകം എന്നെന്നും
വിജയകരമാകണമെന്നും
എല്ലാവരും അതഭിനയിക്കണമെന്നും
നാടക കല വളരണമെന്നും
മനുഷ്യൻ ആഗ്രഹം പൂണ്ടു.
നാടകത്തിലെന്നും പകലാകുമെന്നും
രാവിലെ തിരി കെടില്ലെന്നും
എന്നും സ്നേഹം കവിയുമെന്നും
മനുഷ്യൻ അവിശ്വസിക്കുന്നു...
എന്നാൽ അവൻ തന്റെ
നാടകത്തിനിടയിൽ ഇരുട്ട് –
പുണരുമെന്നോ
തിരി കെട്ടുമെന്നോ പ്രകാശം
നിലയ്ക്കുമെന്നോ ഓർക്കുന്നില്ല..
നാടകവും അഭിനയവും ശാശ്വതമല്ല..
അത് അവൻ അറിയുന്നില്ല...

# എൻ പ്രിയ കൂട്ടുകാരി

നഫ



വിടരുവാൻ വെമ്പുന്നത്
മലരിനുള്ളം
അറിയുന്നത് ചെടിയോ ?
ആരും അറിയാതെ വിടരും
നിമിഷം
കേൾക്കുന്ന ഗാനമേതോ ?
കാറ്റിന്റെ കഥ കേട്ടു
പുല്ലിനോടതു ചൊല്ലി
യൗവ്വന കന്യകപോൽ
വളർന്നു
അവസാന നാളിൽ കൊഴിയും
ഇതൾ നോക്കി
ഇതളിനോടായവൾ പുഞ്ചിരിച്ചു
കൊഴിയും നിമിഷം മണ്ണിന്റെ മാറിൽ
അവളറിയാതെ പുനർജ്ജനിക്കാൻ...

## പറയൂ നീ..

ഹിബ



മധുരമീ നുണയും മലയാണ്മ തൻ
മടിത്തട്ടിൽ വിരിയാൻ തുടങ്ങിയ
ചെറുപുഷ്പമേ ...പറയൂ നിൻ
വർത്തമാനങ്ങളോരോന്നായ്......
വിരിഞ്ഞു തുടങ്ങവേ ......നീ കണ്ട
സ്വപ്നങ്ങളൊക്കെയും നിനക്കിനി
സഫലമാകുമോ ?
നിന്റെ കണ്ണിലെ നിറവാർന്ന മോഹങ്ങൾ
ചൊല്ലൂ , നീയെന്നോടോരോന്നായ്......
നീയാണീ ചെടിയിലാദ്യമായ് വിരിഞ്ഞൊരാ പുഷ്പം .
ഈ ലോകവസാനത്തിലെങ്കിലും
ഈ ചെടിയൊന്ന് പൂ മണം പരത്തട്ടെ......
ചത്ത ലോകത്തിനിത്തിരി ......സുഗന്ധമരുളുവാൻ
വിരിയൂ പുഷ്പമേ ഇനിയെങ്കിലും
നിന്റെ കണ്ണിൽ നിന്നും ചുട്ട രക്തം തെറിക്കുന്നുവോ...?
നിന്റെ ചുണ്ടിന്നു വിറയ്ക്കുന്നുവോ..?
പറയൂ......സോദരീ......എന്തിനീ മൗനം ?
നിൻ നിറവാർന്ന കൺകളിലെന്തിനീ കണ്ണുനീർത്തടം...?
വിരിഞ്ഞു തുടങ്ങിയതേയുള്ള നീ......
വിരിയാനേറെയുണ്ട് താനും .......

## ജീവിതം ഒരു ഇരുട്ടിനുള്ളിൽ

നൂറ



സൗഹൃദങ്ങൾ പലപ്പോഴും
അറിവില്ലായ്മകളിൽ നിന്നുമുണ്ടാകുന്നു
പുതിയ തലമുറയുടെ കൂടെ സൗഹൃദം
പുലർത്തുമ്പോൾ
നമ്മൾ ഇരുട്ടിലേക്ക് പാഞ്ഞു കുതിക്കുന്നു
..............
ഇരുട്ട് , അത് കൂരിരുട്ടാകുമ്പോൾ നമ്മളെ
നമ്മളല്ലാതാക്കുന്നു..
ഇത് ഒരോരോ കഥയില്ലായ്മകൾക്ക്
കാരണമാകുന്നു ,
അത് നമ്മുടെ താഴ്ച്ചകൾക്കും
കാരണമാകുന്നു.
നമ്മൾ താഴ്ച്ചളിൽ അകപ്പെടുമ്പോൾ നമ്മുടെ
ജീവിതം കോഞ്ഞാട്ടയാകുന്നു.
പിന്നീട് ജീവിതവും ഇരുട്ടിൽ അകപ്പെടുന്നു ....
ജീവിതം ഇരുളിൽ അകപ്പെടുമ്പോൾ ,
നമുക്ക് അതിനോട് വെറുപ്പ് അനുഭവപ്പെടുന്നു
...
പിന്നീട് ഈ ദുഷിച്ച ലോകത്തിൽ നിന്ന്
നല്ലതെന്നു  കരുതുന്ന പരലോകത്തിലോകത്തേക്കുള്ള
യാത്ര അവൻ  ആരംഭിക്കുന്നു . ആ യാത്രയ്ക്കിടയിൽ
തെറ്റുകളുടെ തുലാസവനെ നരകക്കുണ്ടാരത്തിലേക്കു കമിഴ്ത്തുന്നു....
അതിലവൻ വെന്തുരുകുമ്പോൾ  ,
ഭൂമിയിൽ സഞ്ചരിച്ച പാതയെ അവൻ ഓർമ്മയിലൂടെ വീണ്ടെടുക്കുന്നു.....
അന്നേരമവൻ തൻ ഭൂമിയെന്ന യഥാർത്ഥ സ്വർഗ്ഗത്തെ
തിരിച്ചറിയുന്നു..................
ഇതിനാൽ ആ കുഞ്ഞു ഹൃദയം വേദനയാൽ പിടയുന്നു.......

## മഴയോട്

അനീഷ

നീ ഇന്നെവിടെയാണ്

കാത്തിരിപ്പിലാണിന്നേവരും

കൊതിക്കുന്നു നിന്റെ നർത്തനം

ഒരു ചുവടെങ്കിലും

പകർന്നു തരൂ

നിന്റെ ചുവടിനെ

ഞാൻ

അലങ്കരിച്ചോട്ടെ.........

## അമ്മ

അനീഷ

ഇടയ്ക്കെപ്പോഴോ വിരിയുന്ന മന്ദസ്മിതം
നിഗൂഢമൊരു ചിമിഴിൽ
ഒളിച്ചോരു മുത്തുപോലെ
അക്ഷീണമാംവിധം
പായുന്ന മേനിയും,
കുഞ്ഞുരുളകള്ള തിരുന്ന വിരലും,
വാത്സല്യമിറ്റുന്ന മിഴികളും
നിനക്കെന്നുമൊരു രക്ഷതൻ –
ചിറകുകൾ പോലെ.
ഇടറുന്ന പാദത്തിനിരുവശവും,
ഇളകാത്ത കൈത്താങ്ങുപോലെ.
കുഞ്ഞേ, നിന്നെ നീയായ് തീർത്തൊരു –
നിൻ കുഞ്ഞു മിഴിയിലാദ്യത്തെ കണി !

## മുഖം മൂടി

അമൃത



പകലിനോടെനിക് വെറുപ്പാണ്
എന്റെ ദുഖത്തെ പുറത്തുകാണിക്കാൻ
അവൻ ശ്രമിക്കുന്നു
രാത്രിയെ എനിക്കിഷ്ടമാണ്
രാത്രിയുടെ നിറം ഇന്നു ഞാൻ
എന്റെ മുഖം മൂടിയാക്കുന്നു

## അമ്മ

അമൃത

അമ്മ അമ്മയാണെല്ലാം
അവൾ ഭാര്യയാണ്,
ഒരമ്മയാണ്
ഒരു സഹോദരിയാണ്
എന്നിട്ടും എന്താ മാനവാ
നീ അവളെ അപമാനിക്കുന്നു
അവൾ മകളാണ്,
അവളൊരു പ്രണയിനിയാണ്
എന്നിട്ടും എന്താ മർത്യാ
നീ അവളെ



കണ്ണീരിലാഴ്ത്തുന്നു
അഴുക്കുപിടിച്ച തുണികളോടും
ചുമരുകളോടും മല്ലിട്ട്
അവളുടെ ശരീരം ചുക്കി
ച്ചുളിഞ്ഞുപോയി
നവോത്ഥാനത്തിന്റെ ആയുധമല്ല അവൾ
സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും
പ്രതീകമാണ്
എന്നിട്ടും എന്താ മാനവാ
നീ അവളുടെ ദുഃഖം കണ്ടു സുഖിക്കുന്നു.

## ജീവ ചരിത്ര കുറിപ്പുകൾ



### ഉള്ളൂർ എസ് പരമേശ്വരയ്യർ
[1877–1979]
ചങ്ങനാശ്ശേരിയിൽ ജനനം . കവി,സാഹിത്യചരിത്യകാരൻ, ഗവേഷകൻ, നിരൂപകൻ, പത്രാധിപൻ, തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻപേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം [മഹാകാവ്യം,] കേരളസാഹിത്യ ചരിത്രം [5 ഭാഗങ്ങൾ] , കർണഭൂഷണം , പിംഗള , ചിത്രശാല , താരാഹാരം , തരംഗിണി , കൽപശാഖി , അമൃതധാര , അംബ മുതലായ കൃതികൾ രചിച്ചു.

### ഹെർമൻ ഹെസ്സെ
[1877–1962]
ജർമ്മനിയിൽ ജനനം :ഹെർമൻ ഗുണ്ടർട്ടിന്റെ പേരകുട്ടിയാണ് ഹെർമൻ ഹെസ്സെ . കവി , നോവലിസ്റ്റ് , ചെറുകഥാകൃത്ത് , ചിത്രകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ . 1946 ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം ലഭിച്ചു . the glass bead game , siddhartha , steppenwolf , demain, warcissus , and goldmund എന്നിവയാണ് പ്രധാന കൃതികൾ .



### ചെറുശ്ശേരി
പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജിവിച്ചിരുന്ന മഹാകവി .കോലോത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.



**ചങ്ങമ്പുഴ കൃഷ്ണപിള്ള**

എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം . കാൽപനികപ്രസ്ഥാനത്തിൽ ശ്രദ്ധേയൻ, രമണൻ, ബാഷ്പാഞ്ജലി , സങ്കല്പകാന്തി , സ്പന്ദിക്കുന്ന അസ്ഥിമാടം , പാടുന്ന പിശാച് , സ്വരരാഗസുധ , യവനിക , കളിത്തോഴി , അമൃതവീചി , രക്തപുഷ്പങ്ങൾ തുടങ്ങിയവ പ്രധാന കൃതികൾ നിരവധി വിവർത്തനങ്ങളും ചങ്ങമ്പുഴയുടേതായിട്ടുണ്ട് .



**ജോസഫ് മുണ്ടശ്ശേരി**

തൃശ്ശൂരിലെ കണ്ടശ്ശാംകടവിൽ ജനനം . സാഹിത്യവിമർശകൻ അധ്യാപകൻ , വാഗ്മി , വിദ്യാഭ്യാസമന്ത്രി എന്നീ നിലകളിൽ ബഹുമുഖ വ്യക്തിത്ത്വതിനുടമ . കൊഴിഞ്ഞ ഇലകൾ [ആത്മകഥ] കാവ്യപീഠിക , നാടകാന്തം കവിത്വം , മാറ്റൊലി , വായനശാലയിൽ [നാലു ഭാഗങ്ങൾ] മാനദണ്ഡം , പ്രൊഫസർ , കൊന്തയിൽ നിന്ന് കുരിശിലേക്ക് , പാറപ്പുറത്ത് വിതച്ച വിത്ത് തുടങ്ങിയവ പ്രധാന കൃതികൾ.



സാറാ തോമസ്


1934–ൽ തിരുവന്തപുരത്ത് ജനനം . ജീവിതം എന്ന നദി ആദ്യ നോവൽ. നാർമടിപ്പുടവ എന്നിവ നോവലിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. നീലക്കുറുഞ്ഞികൾ ചുവക്കും നേരം , ഗ്രഹണം , അഗ്നിശുദ്ധി , അസ്തമയം, പവിഴമുത്ത്, മുറിപ്പാടുകൾ, അർച്ചന, സാറാതോമസിന്റെ കൃതികൾ [കഥാസമാഹാരം ] തുടങ്ങിയവ പ്രധാന കൃതികൾ.

# ഇംഗ്ലീഷ് കോർണർ

## PROVERBS

Definition of proverbs:*A proverb is a brief, simple and popular saying or a phrase that gives advice and effectively embodies a common place truth based on practical experience or common sense a proverb may have allegorical message behind it's odd appearance.*

1. ***A bad penny always turn up.***
2. ***A barking dog never bites.***
3. ***A birds in the hand is worth two in the bush.***
4. ***A cat my looking at a king.***
5. ***A chain is only as strong as it's weakest link.***
6. ***A change is as good as a rest.***
7. ***A dog is a man's best friend.***
8. ***A drawing man will clutch a straw.***
9. ***A fish always rots from the head down.***
10. ***A fool and his money are soon parted.***
11. ***A friend is need is a friend.***
12. ***A pen is a mightier than the sword.***



# Memories

Amala shibu



**My dear memories..
why don't you die..?
My soul left you forever
and you left me
in the depth of darkness.**

**Dear memories ..
why should you follow me ?
I have lost everything
but with sweetest dreams
I fet ever in my life**

**Dear memories...
Do you know me.?
No, you don't
if you know me you won't kills
me by your dark face.**

**Dear memories ..
don't you have death ?
No, you won't ,I think so
because you still call me back
into the world of desire..**

**Dear memories ..
let me be me ......because
once I get back
you will lose me in me
and you stands still forever...
Dear memories ..
can you give back me
all that precious memories
again and again
can you or not...?**

# ഹിന്ദികോർണർ

ഫാത്തിമ ഹിബ



"माँ तू होती तो..."

नींद बहुत आती है पढ़ते पढ़ते..
माँ होती तो कह देता,एक प्याली चाय बना दे!!

थक गया जली रोटी खा खा कर
माँ होती तो कह देता पराठे बना दे!!

भीग गयी आंसुओ से आँखे मेरी..
माँ होती तो कह देता आँचल दे दे!!


रोज वही कोशिश खुश रहने की,
माँ होती तो मुस्कुरा लेता!!

देर रात हो जाती है घर पहुचते-पहुचते
माँ होती तो वक़्त से घर लौट जाता!!

सुना है कई दिनों से वो भी नही मुस्कुराई,
ये मजबूरिया न होती तो घर चला आता!!

बहुत दूर निकल आया हू घर से अपने,
तो तेरे सपनो की परवाह न होती,
...तो बस चला आता!!

അന്മോൾ



सीखो

सैनिक से बलिदान सीखो,
पेड़ से तुम झुक जाना।

बैल से बोझ उठाना सीखो,
पत्थर से मज़बूत बन जाना।

छत से तुम छाँव देना सीखो,
सूरज से नियमित बनना।

मोमबत्ती से रोशन करना सीखो,
उजाले से सदा फैल जाना।

मूर्ति से सहन करना सीखो,
ईश्वर से माफ कर देना।

इस धरती पर तुम आए हो तो,
कुछ अच्छा सीख कर ही जाना।

– अनमोल
8(अ)


# അറബിക് കോർണർ

ഫാത്തിമത്ത് ഷിഫാന

## أجمل القصص القصيرة

شكا رجل إلى طبيب وجعا في بطنه، فقال الطبيبٍ: ما الذي أكلت؟ قال: أكلت رغيفا محترقا، فدعا الطبيب بكحل ليكحّل المريضٍ، فقال المريض: إنّما أشتكي وجعا في بطني لا في عيني، قال الطبيب: قد عرفت، ولكن أكحّلك لتبصر المحترق، فلا تأكله! جحا والسائل كان جحا في الطابق العلويّ من منزله، فطرق بابه أحد الأشخاص، فأطلّ من الشباك

فرأى رجلا، فقال: ماذا تريد؟ قال: انزل إلى أسفل لأكلمك، فنزل جحا، فقاٍل الرّجل: أنا فقير الحال، وأريد حسنة يا سيدي، فاغتاظ جحا منه، ولكنّه كتم غيظه، وقال له: اتبعني. صعد جحا إلى أعلى البيت والرّجل يتبعه، فلمّا وصلا إلى الطابق العلويّ، التفت جحا إلى السّائل، وقال له: الله يعطيك، فأجابه الفقير: ولماذا لم تقل لي ذلك ونحن في الأسفل؟ فقال جحا: وأنت لماذا أنزلتني، ولم تقل لي وأنا فوق ما طلبك؟ غاندي وفردة الحذاء



يُحكى أنّ غاندي والبخيل كان يجري بسرعة ليلحق بالقطار، وقد بدأ القطار بالسّير، ولدى صعوده على متن القطار سقطت من قدمه إحدى فردتي حذائه، فما كان منه إلا أن

فعلت؟ ولماذا رميت فردة الحذاء الأخرى؟ فقال غاندي الحكيم: أحببت للفقير الذي يجد الحذاء أن يجد فردتينٍ، فيستٍطيع الانتفاع بهما، فلو وجد فردة واحدٍة فلن تفيده، ولن أستفيد أنا منها أيضا! الحسود

# എന്റെ വിദ്യാലയം

നൂർ ഫാത്തിമ (ലിറ്റൽ കൈറ്റ്സ് ലീഡർ)



**തെങ്കര** സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ 1918-ൽ ഒരു പ്രൈമറി വിദ്യാലയമായി പ്രവവർത്തനമാരംഭിക്കുകയും തുടർന്ന് 1975-ൽ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തപ്പെടുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം 2004- വരെ ഈവിദ്യാലയം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിച്ചിരുന്നത്. രണ്ടായിരത്തി പതിനൊന്നിൽ ഹൈസ്കൂളായും 2015-ൽ ഹയർ സെക്കണ്ടറിയായും ഉയർത്തപ്പെട്ടു. നിരവധി പരിമിതിക്കുള്ളിൽ നിൽക്കുമ്പോഴും പൊതു വിദ്യാലയങ്ങൾക്ക് മികച്ച മാതൃകകൾ നല്കാൻ ഈ വിദ്യാലയത്തിനായി എന്നത് ശ്രദ്ധേയമാണ്.

പല സർക്കാർ പദ്ധതികളുടേയും പൈലറ്റ് പ്രോജക്റ്റുകളായ തേനക്ഷരക്കര ,തേനാരമക്കര , തേൻ ബാലികക്കര , മഷിപ്പേനയിലേക്ക് മടങ്ങാം തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം . സംസ്ഥാന തലത്തിൽ ഒന്നാം ക്ലാസിലേക്ക് കൂടുതൽ കുട്ടികളെ എത്തിച്ചതിന്റെ അംഗീകാരമായി പത്തു ലക്ഷം രൂപ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്.സമീപ പ്രദേശങ്ങളിലെ

വിദ്യാലയങ്ങളിലെല്ലാം ഓരോ വർഷവും കുട്ടികളുടെ കുറവ് അനുഭവപ്പെടുമ്പോൾ ഇവിടെ ഓരോ വർഷവും വിദ്യാലയത്തിലേക്കെത്തുന്ന നവാഗതരുടെ എണ്ണം വർദ്ധിക്കുകയാണ്. സർക്കാർ ആഭിമുഖ്യത്തിൽ നടത്തിയ ഹരിത വിദ്യാലയ റിയാലിറ്റി ഷോയിൽ പാലക്കാട് ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ച് വിദ്യാലങ്ങളിൽ ഒന്ന് തെങ്കര സ്കൂളായിരുന്നു എന്നത് ഈ വിദ്യാലയത്തിന്റെ മികവിനുള്ള ഉദാഹരണമാണ്.

നിരവധി നേട്ടങ്ങൾ സ്വന്തമാക്കിയ ഈ വിദ്യാലയം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വീർപ്പുമുട്ടുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, MLA, MP തുടങ്ങിയ ജന പ്രതിനിധികളുടേയും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള സാമ്പത്തിക സഹായങ്ങളും ,അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പിന്തുണകളും ഈ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. ബഹു.മണ്ണാർക്കാട് MLA **അഡ്വ.N ഷംസുദ്ദീൻ** അവർകളുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച സ്കൂൾ ബസ് ,അമ്പത് ലക്ഷം രൂപയിലുള്ള അഞ്ച് ക്ലാസ് മുറികൾ ,ബഹു.MP **MB.രാജേഷ്** അവർകളുടെ വകയായി അനുവദിച്ച സ്മാർട്ട് ക്ലാസ് മുറി , തെങ്കര ഗ്രാമ പഞ്ചായത്തിന്റെ വകയായി വിദ്യാലയത്തിന് ലഭിച്ച വ്യത്യസ്ഥ പദ്ധതികൾ തുടങ്ങിയവയെല്ലാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ബഹു.ജന പ്രതിനിധികൾക്കും ഈ വിദ്യാലയത്തോടുള്ള സ്നേഹവും അടുപ്പവും കാണിക്കുന്നതാണ്.

ഈ വിദ്യാലയത്തിലെ PTA കമ്മറ്റിയുടെ നിരന്തര ശ്രമഫലമായി മണ്ണാർക്കാട് MLA അഡ്വ. N ഷംസുദ്ദീൻ മുഖേന ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് സമർപ്പിച്ച മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിക്കുകയും ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് കിഫ്ബി വഴി നൽകുന്ന മൂന്ന് കോടി പദ്ധതിയിൽ തെങ്കര സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിനെയും ഉൾപ്പെടുത്തികൊണ്ടുള്ള ഉത്തരവ് നൽകുകയും ചെയ്തത് ഈ വിദ്യാലയത്തെ സനേഹിക്കുന്ന മുഴുവനാളുകൾക്കും വലിയ സന്തോഷവും പ്രതീക്ഷയുമാണ് നൽകിയത്.

വിദ്യാലയത്തിൻ്റെ നൂറാം വാർഷികമാഘോഷിക്കുന്ന ഈ വേളയിൽ വിദ്യാലയത്തിന് ഇരട്ടി മധുരമാണ് ഇതു വഴി കൈവന്നിരിക്കുന്നത്. തെങ്കരയെന്ന കൊച്ചു കർഷകഗ്രാമത്തിൽ നിന്നും അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാലയത്തിനായി കാത്തിരിക്കുകയാണ് തെങ്കരയും തെങ്കരയെ നെഞ്ചേറ്റുന്നവരും...

visit for more details :
https://ghsthenkara.blogspot.com




കൃതജ്ഞതയോടെ

ലിറ്റിൽ കൈറ്റ്സ്,തെങ്കര

# ഇ-മാഗസിൻ
# പണിപ്പുരയിൽ





മികച്ചതാണെന്ന
അഭിപ്രായമില്ല ...
അവകാശ വാദങ്ങളില്ല ...
ചെറിയ ചുവടുവെപ്പുകൾ മാത്രം...
പ്രോത്സാഹനവും
പിന്തുണയുമുണ്ടെങ്കിൽ കൂടുതൽ
ഉയരങ്ങളിലെത്താൻ
പരിശ്രമിക്കാം....

